രോഗികളുടെ ജാതിതിരിച്ചുള്ള പട്ടിക.

*11. [11] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ അഡ്മിനസ്ട്രേഷൻറിപ്പോർട്ടിൽ സർക്കാർ ആശുപത്രികളിൽ ചികിത്സിച്ച രോഗികളുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുന്നതിന്റെ ഉദ്ദേശമെന്ത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

പ്രത്യേക ഉദ്ദേശം ഒന്നുമില്ല.

ശ്രീ. ടി. എ. മജീദ് : ഏതു സമുദായത്തിലാണ് കൂടുതൽ രോഗികൾ ഉള്ളതെന്നു പറയുമോ ?

ശ്രീ. എ. എ. റഹിം : നോക്കി പറയാം.

ശ്രീ. പി. പി. തോമസ് : ചില പ്രത്യേക സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക് ആശുപത്രികളിൽ പ്രവേശനം ലഭിക്കുന്നില്ലെന്ന് കാണിച്ച് ഗ്രസ്സ്മെംബർമാരിൽ ആരുടെയെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ശ്രീ. കെ. സി. ജോർജ് : ജാതിയും സമുദായവും നോക്കി എല്ലാ കാര്യങ്ങളും നടത്തുന്ന ഇപ്പോഴത്തെ ഈ ഏർപ്പാട് നിറുത്തുവാൻ ശ്രമിക്കുമോ ?

ശ്രീ. എ. എ. റഹിം : അതു് ആവശ്യമില്ലാത്തതാണെന്നു കണ്ടു് നിറുത്തിയിരിക്കുകയാണു്.

ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള പരാതികൾ.

*12. [12] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥന്മാരെക്കുറിച്ചു് ഉണ്ടാകുന്ന പരാതികൾ കഴിയുന്നതും കുറയ്ക്കുന്നതിനുവേണ്ടി ഗവണ്മെന്റിനു പുതിയ നടപടികൾ എടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) തദ്ദേശഭരണസ്ഥാപനങ്ങളും ഉത്തരവാദിത്വഭരണവും നാട്ടിൽ വന്ന സ്ഥിതിക്ക് താലൂക്കുലാപ്പീലിൽ പ്രതിമാസം ഒരിക്കലെങ്കിലും പൊതുജനപ്രതിനിധികളും താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥന്മാരും കൂടിയുള്ള സമ്മേളനങ്ങൾ നടത്തുന്ന ഒരു പതിവു് ഇതിനുവേണ്ടി ഗവണ്മെന്റിനു് ആരംഭിക്കുവാൻ സാധിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉദ്യോഗസ്ഥന്മാരെപ്പറ്റി ഉണ്ടാകുന്ന പരാതികൾ അന്വേഷിച്ചു് വേണ്ട നടപടികൾ എടുക്കാൻ 16-6-1955-ലെ ഗവണ്മെന്റ് ഓർഡർ അനുസരിച്ചു് സെക്രട്ടേറിയറ്റിൽ ഒരു പുതിയ വകുപ്പു് പ്രവർത്തനം നടത്തിവരികയാണു്.

(ബി) ഇതേപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : പുതിയതായി നിയമിച്ച ഉദ്യോഗസ്ഥൻ ഇതേവരെയായി ഏതു കേസുകൾ എടുത്തിട്ടുണ്ട് എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : പല കേസുകളും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പല കേസുകളും അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ആ ഉദ്യോഗസ്ഥനെ ഈ ഉദ്യോഗത്തിൽ നിയമിച്ചതിനുശേഷം പഴയ ഉത്കൃഷ്ടിതം ഇല്ലെന്നു അറിയാമോ ?

ശ്രീ. എ ജെ. ജാൺ : പഴയ ഉത്കൃഷ്ടിതംതന്നെ ഉണ്ടെന്നു അറിയാം.

ശ്രീ. പ്രാക്കുളം ഭാസി : അധികാരത്തിൽ ഇരിക്കുന്ന കക്ഷിയുടെ ഇടപെടൽമൂലം അദ്ദേഹത്തിനു ശരിയായി കൃത്യനിർവ്വഹണം നടത്താൻ സാധിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു ശരിയല്ല.

Purchase of buses for Transport Department.

* 13. [13] SHRI T. S. RAMASWAMI : Will the Minister for Works be pleased to state :

(a) Whether any enquiry was made regarding the allegation of irregularities in the purchase of buses for the Transport Department as per the assurance made by Government during the last session of the Assembly ;

(b) the name of the Enquiry Officer ;

(c) The papers examined ; and

(d) the witnesses examined ?

Minister for Works (SHRI K. I. VELAYUDHAN) : (a), (b), (c) and (d). As stated by the Chief Minister in the last session of the Assembly, an enquiry has been conducted in the matter by the Anti-Corruption Department. Based on the report of this enquiry, the explanation of the Officer concerned has been obtained and the matter is now being examined by the Secretary to Governmet (Enquiries). Further details can be given only after receipt of the report of the Secretary to Government (Enquiries).

SHRI T. S. RAMASWAMI : May I know on what date the Anti-Corruption Department started the enquiry ? Whether it was before or after the assurance given by the Chief Minister ?

SHRI K. I. VELAYUDHAN : I do not have any more information than what I have stated.

LIBRARY ARCHIVES Kerala Legislative Assembly